## ഭാരത സർക്കരിന്റെ 2011 ജനുവരി 6 പ്രത്യേക ഗസറ്റ് വിജ്ഞാപനം ഭാഗം 2, വിഭാഗം-3, ഉപവിഭാഗം (ii)ൽ പ്രസിദ്ധീകരണത്തിനുള്ളത്.

ഭാരത സർക്കാർ

# പരിസ്ഥിതി വന മന്ത്രാലയം

വിജ്ഞാപനം

*ന്യൂഡൽഹി ജനുവരി 6, 2011*

എസ്ഒ 20 (ഇ) എന്നതിനാൽ, 1991 ഫെബ്രുവരി 19-ാം തീയതിയിലെ വിജ്ഞാപനം നമ്പർ എസ്ഒ 114 (ഇ) പ്രകാരം കേന്ദ്ര സർക്കാർ (ഇനി പറയുന്ന ഖണ്ഡികകളിൽ പ്രസ്തുത വിജ്ഞാപനം എന്ന് പ്രതിപാദിക്കുന്നതായിരിക്കും) തീരദേശ നിയന്ത്രണ മേഖല പ്രഖ്യാപിക്കുകയും ഈ മേഖലകളിൽ വ്യവസായങ്ങൾ നടത്തുന്നതും അനിനോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കും നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളതും ആകുന്നു.

ആയതിനാൽ ആൻഡമാൻ നിക്കോബാർ (ഇനി എ ആന്റ് എൻ എന്ന് പ്രതിപാദിക്കുന്നതാണ്) ലക്ഷദീപ് മേഖലകളുടെ പരിസ്ഥിതി പരിപാലനം സംബന്ധിച് കേന്ദ്ര സർക്കാർ ഒരു പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നു. ഇതിനായി ഒരു പ്രാഥമിക വിജ്ഞാപനം നമ്പർ 2291 (ഇ) പ്രകാരം 2010 സെപ്തംബർ 15ന് പുറപ്പെടുവിക്കുകയുണ്ടായി. 1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമം (29-ാം ഖണ്ഡം 1986) വിഭാഗം 3ന്റെ ഉപവിഭാഗം 2ലെ പ്രത്യേക ഖണ്ഡം V ന്റെ ഉപ വിഭാഗം 1 അനുസരിച്ച് ആണ് ഇത് പുറപ്പെടുവിച്ചിരിക്കുന്നത്. കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം (MOEF) 1991 ഫെബ്രുവരി 19ന് നമ്പർ എസ്.ഒ 114 (ഇ) പ്രകാരം ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് മേഖലകളെ സംബന്ധിച്ച് പുറപ്പെടുവിച്ച ഭാരത സർക്കാർ വിജ്ഞാപനം അസാധുവാക്കുന്നതാണ് ഈ വിജ്ഞാപനം.

എന്നതിനാൽ പ്രസ്തുത വിജ്ഞാപനത്തിന്റെ പതിപ്പുകൾ 2010 ഫെബ്രുവരി 25ന് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയുണ്ടായി.

എന്നിരുന്നാലും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ പരിഗണിക്കുന്നതാണ്.

ആയതിനാൽ പരിസ്ഥിതി സംരക്ഷണ നിയമം 1986 (29, 1986)ന്റെ വിഭാഗം 3 ഉപവിഭാഗം 2 പ്രത്യേക ഖണ്ഡം V-ന്റെ ഉപവിഭാഗം 1 അനുസരിച്ചുള്ള അധികാരം ഉപയോഗിച്ച് ഭാരത സർക്കാർ ഗിരിവർഗക്കാരും മത്സ്യബന്ധന തൊഴിലാളി സമൂഹവും ഉൾപ്പെടെയുള്ള പ്രാദേശിക സമൂഹത്തിന് ജീവിത മാർഗം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും, ദ്വീപുകളുടെ തനതായ പരിസ്ഥിതി സ്വഭാവവും, കടൽ തീരവും സംരക്ഷിക്കുകയും നിലനിർത്തുകയും, പ്രകൃതിക്ഷോഭങ്ങൾക്ക് നിദാനമാകുന്ന തീരപ്രദേശങ്ങളുടെ സ്വഭാവം മനസ്സിലാക്കികൊണ്ടുള്ള ശാസ്ത്രീയ തത്വങ്ങൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ ഒരു

സംയോജിത പരിപാലന പദ്ധതിയിലൂടെ വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മദ്ധ്യ ആൻഡമാൻ, വടക്കും തെക്കും ആൻഡമാൻ, വിശാല നിക്കോബാർ ദ്വീപുകളുടെ തീരദേശവും ആൻഡമാൻ നിക്കോബാർ മേഖലയുടേയും ലക്ഷദ്വീപിലേയും മുഴുവൻ പ്രദേശങ്ങളും അവയുടെ അതിർത്തി പരിധിവരെയുള്ള ജല മേഖലയും ദ്വീപ് സംരക്ഷണ മേഖലയുടെ പരിധിയിൽ ഉൾക്കൊള്ളിച്ചു. ഈ മേഖലയിൽ (IPZ) എന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുകയോ വികസിപ്പിക്കുകയോ ചെയ്യുന്നതും അപായകരമായ ഉത്പന്നങ്ങൾ നിർമ്മിക്കുക, സംസ്കരിക്കുക, കൈകാര്യം ചെയ്യുക, സംഭരിക്കുക എന്നിവയും നിയന്ത്രിച്ചിരിക്കുന്നു. അപായകരമായ ഉത്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതും പരിപാലനം ചെയ്യുന്നതും അവയുടെ കടത്തലും സംബന്ധിച്ച് 2009-ലെ നിയമത്തിൽ പറയുന്ന എല്ലാ ഇനങ്ങളും നിയന്ത്രണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ദ്വീപുകളുടെ തീരദേശം നിയന്ത്രണ മേഖല (ICRZ) നിയമം, സംയോജിത ദ്വീപ് നിയന്ത്രണ പദ്ധതി (IIMP) എന്നിവയിൽ പറഞ്ഞിരിക്കുന്ന രീതിയിൽ അല്ലാതെ മറ്റൊരുതരത്തിലും ഇവ ഉപയോഗിക്കാൻ പാടില്ല.

പരിസ്ഥിതി (സംരക്ഷണ) നിയമം 1986ന്റെ റൂൾ 5ന്റെ ഉപനിയമം 3 ഉപ ഖണ്ഡം സി. പ്രകാരമുള്ള അധികാരമുപയോഗിച്ചും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ 1991 ഫെബ്രുവരി 19ന്റെ വിജ്ഞാപനം എസ്.ഒ. 114 (ഇ)യിലെ ചിലതൊഴികെയുള്ള കാര്യങ്ങൾ അസാധുവാക്കികൊണ്ടും താഴെ പറയുന്ന മേഖലകൾ ദ്വീപ് സംരക്ഷണ മേഖലയായി കേന്ദ്ര സർക്കാർ ഇതു വഴി പ്രഖ്യാപിക്കുകയും വിജ്ഞാപന തീയതി മുതൽ വ്യവസായം സ്ഥാപിക്കുന്നതും വികസിപ്പിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും സംബന്ധിച്ച താഴെ പറയുന്ന നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

I) ആൻഡമാൻ നിക്കോബാർ ദ്വീപുകളുടേയും, ലക്ഷ ദ്വീപിന്റേയും പരിസ്ഥിതി പരിപാലനം ഇനി പറയുന്നതു പോലെ ആയിരിക്കണം.

എ) താഴെ പറയുന്ന നാല് ദ്വീപുകൾ (ഉപ ഖണ്ഡം ബി) ഒഴികെ ആൻഡാമാൻ നിക്കോബാർ ദ്വീപുകൾ മുഴുവനായും സംയോജിത ദ്വീപ് പരിപാലന പദ്ധതി പ്രകാരം പരിപാലിക്കേണ്ടതാണ്.

ബി) മദ്ധ്യ ആൻഡമാൻ, വടക്കെ ആൻഡ്മാൻ, തെക്കെ ആൻഡമാൻ, വിശാല നിക്കോബാർ ദ്വീപുകൾ എന്നിവ അവയുടെ വിശാലമായ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ദ്വീപ് തീരദേശം നിയന്ത്രണ മേഖല (ICRZ) നിയമം അനുസരിച്ച് പരിപാലിക്കേണ്ടതാണ്.

II ആൻഡമാൻ നിക്കോബാർ ദ്വീപുകളും, ലക്ഷദ്വീപും ഉപ ഖണ്ഡം 'ബി'യിൽ പറഞ്ഞിരിക്കുന്ന നാല് ദ്വീപുകൾ ഒഴികെ ഉള്ള മേഖല സംയോജിത ദ്വീപു പരിപാലന പദ്ധതി അനുസരിച്ച് താഴെ പറഞ്ഞിരിക്കുന്ന മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിക്കേണ്ടതാണ്.

(എ) സംയോജിത ദ്വീപ് പരിപാലന പദ്ധതി തയാറക്കൽ

1) ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം ആൻഡമാൻ നിക്കോബാർ ദ്വീപ് സംരക്ഷണ മേഖലയുടെ സംയോജിത സുസ്ഥിര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള സംയോജിത ദ്വീപ് പരിപാലന പദ്ധതി (IIMP) ആൻഡമാൻ നിക്കോബാർ ഭരണകൂടം

തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ളതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ, സംരക്ഷണ പരിപാലന പദ്ധതികൾ, വിദ്യാലയങ്ങൾ, വിപണന കേന്ദ്രങ്ങൾ, ആശുപത്രികൾ, മറ്റ് പൊതു സൗകര്യങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വാസ സ്ഥലങ്ങൾ എന്നിവയും കൃത്യമായി ഇതിൽ വ്യക്തമാക്കിയിരിക്കണം.

2) ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം ലക്ഷദ്വീപ് സംരക്ഷണ മേഖലയുടെ സംയോജിത സുസ്ഥിര വികസനം ലക്ഷ്യമാക്കി കൊണ്ടുള്ള സംയോജിത ദ്വീപ് പരിപാലന പദ്ധതി ലക്ഷ ദ്വീപ് ഭരണകൂടം തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ളതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ, സംരക്ഷണ പരിപാലന പദ്ധതികൾ, വിദ്യാലയങ്ങൾ, വിപണന കേന്ദ്രങ്ങൾ, ആശുപത്രികൾ, മറ്റു പൊതു സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വാസസ്ഥലങ്ങൾ എന്നിവയും കൃത്യമായ ഇതിൽ വ്യക്തമാക്കിയിരിക്കണം.

3) ദ്വീപ് ഭരണ കൂടത്തിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം തീരദേശ സമ്പത്ത് പരിപാലനത്തിൽ അനുഭവ സമ്പത്തുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സഹായം ഈ വിജ്ഞാപനത്തിന്റെ അനുബന്ധം Iൽ പറഞ്ഞിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി തയ്യാറാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

4) ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ദ്വീപിലും തീരത്തിലും ഉള്ള പ്രവർത്തനങ്ങൾ അതാതു സ്ഥലങ്ങളിൽ ആൻഡമാൻ നിക്കോബാർ ഭരണകൂടത്തിനും ലക്ഷദ്വീപ് ഭരണകൂടത്തിനും നിയന്ത്രിക്കാവുന്നതാണ്.

5) ദ്വീപുകളിലെ പ്രദേശിക നഗര ഗ്രാമ പ്രദേശങ്ങളുടെ നിയമങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി ദ്വീപുകളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളും IIMPയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6) പ്രതിരോധ വകുപ്പ് മന്ത്രാലയത്തിന്റേതായ എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ അവ IIMPയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും പരിസ്ഥിതി വനം മന്ത്രാലയത്തിലെ സെക്രട്ടറി, പ്രതിരോധ വകുപ്പ് മന്ത്രാലയത്തിലെ സെക്രട്ടറി, ആൻഡമാൻ നിക്കോബാർ ദ്വീപുകളുടേയോ ലക്ഷ ദ്വീപിന്റേയോ എവിടെയാണ് പദ്ധതി എന്നതനുസരിച്ച് അവിടുത്തെ ചീഫ് സെക്രട്ടറി എന്നിവരോടങ്ങിയ സമിതി വിലയിരുത്തേണ്ടതാണ്.

7) ഓരോ ദ്വീപിനും പ്രത്യേകം പ്രത്യേകം ആയി കാലാകാലങ്ങളിൽ ആവശ്യം വരുന്ന തരത്തിൽ സംയോജിത ദ്വീപ് പരിപാലന പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

8) ഈ വിജ്ഞാപനത്തിന്റെ III-ാം ഖണ്ഡികയിൽ ഉപ ഖണ്ഡിക (ബി)യുടെ ഇനം (എ)യിൽ

വ്യക്തമാക്കിയിരിക്കുന്ന തരത്തിൽ പരിസ്ഥിതിപരമായി വളരെ പ്രാധാന്യമുള്ള മേഖല കൾ പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണനയ്ക്ക് എടുക്കേണ്ടതാണ്. ഇത്തരം മേഖലകൾ വന്യമൃഗ (സംരക്ഷണ) നിയമം 1972 (53,1972) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ദേശീയ പാർക്ക്കളിലോ സങ്കേതങ്ങളിലോ ഉൾപ്പെട്ടവയാണ് ഈ പ്രദേശങ്ങൾ എങ്കിൽ അത് പദ്ധതിയിൽ പ്രത്യേകം സൂചിപ്പിക്കുകയും നിയമത്തിന് അനുസൃതമായ രീതിയിൽ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്.

9) സംയോജിത ദ്വീപ് പരിപാലന പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾ വന (സംരക്ഷണ) നിയമം 1980 (69,1980) വന്യജീവി (സംരക്ഷണ) നിയമം 1972 (53,1972) പരിസ്ഥിതി (സംരക്ഷണ) നിയമം 1986 (29,1986) എന്നിവ അനുസരിച്ച് ഉള്ള നിയമ ങ്ങളും അതു പ്രകാരമുള്ള വിജ്ഞാപനങ്ങളും അനുസരിച്ചും പരിസ്ഥിതി സ്വാധീനം സംബന്ധിച്ച വിലയിരുത്തിലിന് ശേഷവും നടപ്പിലാക്കേണ്ടതാണ്. പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ 2006 സെപ്തംബർ 14ന്റെ വിജ്ഞാപനം നമ്പർ 1533 (ഇ) യിൽ നിർദ്ദേ ശിച്ചരിക്കുന്ന പ്രകാരം വേണം ഈ വിലയിരുത്തൽ നടത്താൻ.

10) എ) സംയോജിത ദ്വീപ് പരിപാലന പദ്ധതി തയ്യാറാക്കിയതിന് ശേഷം ദ്വീപ് ഭരണകൂടം ഈ പദ്ധതി സംബന്ധിച്ച വിവരങ്ങൾ വൻതോതിൽ പ്രചാരണം നൽകുകയും പൊതു ജനങ്ങളിൽ നിന്നും മറ്റ് ബന്ധപ്പെട്ടവരിൽ നിന്നും പദ്ധതി പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്യേണ്ടതാണ്.

ബി) പദ്ധതി സംബന്ധിച്ച വിവരം കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങളിലും അതത് ഭരണകൂടത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

സി) പദ്ധതിയുടെ അച്ചടിച്ച പതിപ്പുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര ഭരണ പ്രദേശത്തിന്റെ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരുടെ ഓഫീ സിലും തീരദേശ മേഖല പരിപാലന മേധാവികൾ (CZMA), ജില്ലാ കളക്ടറുടെ കാര്യാ ലയം, മലിനീകരണ നിയന്ത്രണ സമിതിയുടെ ഓഫീസ് എന്നിവിടങ്ങളിലൂടെയും ലഭ്യമാക്കേണ്ടതാണ്.

ഡി) അഭിപ്രായങ്ങൾ ലഭിച്ചതിന് ശേഷം ദ്വീപ് ഭരണകൂടം ആവശ്യമായ മാറ്റങ്ങൾ വരു ത്തിയിതിന്ശേഷം കേന്ദ്ര സർക്കാറിന്റെ പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ പരിഗ ണനയ്ക്കും അംഗീകാരത്തിനും ആയി പദ്ധതി സമർപ്പിക്കേണ്ടതാണ്.

ഇ) കേന്ദ്രഭരണ പ്രദേശത്തിന്റെ തീരദേശ മേഖല നിയന്ത്രണ സമിതിയും ദേശീയ തീര ദേശ മേഖല പരിപാലന സമിതിയും (CZMA) പദ്ധതിയുടെ തയ്യാറാക്കൽ സംബ ന്ധിച്ച ആവലാതികൾ കേൾക്കുകയും ആവയ്ക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യണം.

11) കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം പദ്ധതി ലഭിച്ചുകഴിഞ്ഞ് അത് പരിശോധിച്ച് തൃപ്തികരമെങ്കിൽ, ലഭിച്ച തീയ്യതി മുതൽ രണ്ട് മാസത്തിനകം അനുമതി നല്കേണ്ടതാണ്.

12) പദ്ധതി സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും പദ്ധതി പ്രകാരം തന്നെ ദ്വീപിലെ അനുബന്ധ അധികാരികൾ അവ നിയന്ത്രിച്ച് നടപ്പിലാക്കേണ്ടതാണ്.

III മദ്ധ്യ ആൻഡമാൻ, വടക്കും തെക്കും ആൻഡമാൻ, വിശാല നിക്കോബാർ എന്നീ ദ്വീപുകൾ ICRZ അടിസ്ഥാനമാക്കി പരിപാലിക്കുകയും താഴെ പറയുന്ന അധികാര പരിധികൾ ഉണ്ടായിരിക്കുകയും ചെയ്യും.

എ) i) ഉയർന്ന വേലിയേറ്റ നിര മുതൽ 500 മീറ്റർ വരെ കര ഭാഗത്തേക്കുള്ള സ്ഥലം.

ii) ഉയർന്ന വേലിയേറ്റ നിര മുതൽ 100 മീറ്റർ വരെയോ ചെറു ഉൾക്കടലിന്റെ പരിധിവരെയോ ഏതാണ് കുറവെന്ന് വെച്ചാൽ അവിടം വരെ വരുന്ന കരഭാഗത്തോട് ചേർന്നുള്ള വേലിയേറ്റ സ്വാധീനമുള്ള കടലും അതിനോട് തൊട്ടുകിടക്കുന്ന വികസന പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കേണ്ട തീരപ്രദേശവും വർഷത്തിലെ ഏറ്റവും വരൾച്ചയുള്ള സമയത്തും ആയിരത്തിൽ അഞ്ചു ഭാഗം ഉപ്പിന്റെ അംശമുള്ളത്ര വേലിയേറ്റം അനുഭപ്പെട്ടിട്ടുള്ള തീരവും, വേലിയേറ്റ പരിധിയും വളരെ കൃത്യമായി ദ്വീപ് തീരദേശ നിയന്ത്രണ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

**വിശദീകരണം:** വേലിയേറ്റ സാധീനമുള്ള ജല മേഖല എന്നു പറയുമ്പോൾ ഇവിടെ കടൽ, ഉൾക്കടൽ, അഴിമുഖം, നദികൾ, കായലുകൾ, കടൽ ചിറകൾ എന്നിവ ഉൾപ്പെടുന്നു.

iii) ഏറ്റവും കുറഞ്ഞ വേലിയേറ്റ നിര മുതൽ ഉയർന്ന വേലിയേറ്റ നിരവരെയുള്ള പ്രദേശത്തെ 'വേലിയേറ്റ ഇട നിര' എന്നു വിളിക്കണം.

iv) കടലിന്റെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ വേലിയേറ്റ നിരമുതൽ അതിർത്തി പരിധിവരെ വരുന്ന കടൽ പ്രദേശം (12 നോട്ടിക്കൽ മൈൽ)വും മറ്റ് വേലിയേറ്റ സ്വാധീനമുള്ള മേഖലയിൽ കുറഞ്ഞ വേലിയേറ്റ നിര മുതൽ തീരം എതിർ വശത്തെ അത്തരം തീരം വരെയുള്ള പ്രദേശവും ഇതിൽ ഉൾപ്പെടുന്നു.

ബി) നാല് ദ്വീപുകളുടേയും തീരപ്രദേശങ്ങളെ താഴെ പറയുന്ന രീതിയിൽ തരം തിരിക്കാവുന്നതാണ്.

1) എ) ദ്വീപ് തീരദേശ നിയന്ത്രണ മേഖല 1: പരിസ്ഥിതി പരമായി വളരെ പ്രാധാന്യമുള്ളതും തീരത്തിന്റെ ആർജ്ജതയിൽ അവിടുത്തെ ജീവജാലങ്ങൾ വളരെയധികം പങ്ക് വഹിക്കുന്നതുമായ മേഖല

i) കണ്ടൽ കാടുകൾ

ii) പവിഴ ദ്വീപുകൾ

iii) പൂഴി നിറഞ്ഞ കടൽ തീരവും മൺകൂനകളും

iv) ചതുപ്പു പ്രദേശങ്ങൾ

v) വന്യ ജീവി (സംരക്ഷണ) നിയമം 1972 (53,1972) വന (സംരക്ഷണ) നിയമം 1980 (69,1980) പരിസ്ഥിതി (സംരക്ഷണ) നിയമം 1986 (29,1986) എന്നിവ യാൽ സംരക്ഷിക്കപ്പെട്ട മേഖല.

vi) ഉപ്പ് നിലങ്ങൾ

vii) ആമകളുടെ ആവാസ കേന്ദ്രങ്ങൾ

viii) ഞണ്ടുകളുടെ ആവാസ കേന്ദ്രങ്ങൾ

ix) കടൽ പുൽ തിട്ടകൾ

x) കടൽ കളതിട്ടകൾ

xi) പക്ഷികളുടെ ആവാസ നിലങ്ങൾ

xii) മത്സ്യബന്ധന ഗ്രാമങ്ങളും പാരമ്പര്യമായ അവകാശമുള്ള മേഖലകളും

ബി) കുറഞ്ഞ വേലിയേറ്റ സാധ്യതയുള്ള നിരപ്പും ഉയർന്ന വേലിയേറ്റ സാധ്യതയുള്ള നിരപ്പും മദ്ധ്യേയുള്ള തീരം.

2) ദ്വീപ് തീരദേശ നിയന്ത്രണ മേഖല II

തീരം വരെയുള്ള വികസിത മേഖല.

**വിശദീകരണം:** 'വികസിത മേഖല' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നിലവിലുള്ള മുനി സിപ്പൽ പ്രദേശത്തിന്റെ പരിധിയിൽ വരുന്നതോ, അല്ലെങ്കിൽ നിയമപരമായി നഗര പ്രദേശമായി കണക്കാക്കപ്പെടുന്നതോ ആയതും വളരെയധികം നിർമ്മാണ പ്രവർത്തന ങ്ങൾ നടന്നിട്ടുള്ളതും വെള്ളച്ചാലുകൾ, റോഡുകൾ എന്നിവയും ജല വിതരണം, അഴു ക്കുചാൽ ഓടകൾ എന്നീ അനുബന്ധ സൗകര്യങ്ങളോടും കൂടിയ പ്രദേശം.

3) ദ്വീപ് തീരദേശ നിയന്ത്രണ മേഖല III

മുകളിൽ പറഞ്ഞ രണ്ടിനങ്ങളിലും (ബി (i) സി ബി (i) ബി) ഉൾപെടാത്തതും അധിക മായി ഉപയോഗിക്കപ്പെട്ടിട്ടില്ലാത്തതുമായ മേഖല. വികസിതവും അവികസിതവും ആയ ഗ്രാമ പ്രദേശങ്ങളിലെ തീരദേശ മേഖല, മുനിസിപ്പൽ പരിധിയോ, നിയമപരമായിട്ടുള്ള നഗരപ്രദേശത്തെയോ മേഖലകളിൽ അധികമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നി ട്ടില്ലാത്തവ ഇവയിൽ ഉൾപ്പെടും.

4) ദ്വീപ് തീരദേശ നിയന്ത്രണ മേഖല IV

   i) കുറഞ്ഞ വേലിയേറ്റ രേഖ മുതൽ കടലിലേക്ക് 12 നോട്ടിക്കൽ മൈൽ പ്രദേശം

   ii) വേലിയേറ്റ സ്വാധീനമുള്ള കടലിന്റെ തീരം മുതൽ വർഷത്തിലെ ഏറ്റവും വരൾച്ച യുള്ള സമയത്തും ആയിരത്തിൽ അഞ്ച് ഭാഗം ഉപ്പിന്റെ അംശമുള്ള ഭാഗംവരെ വരുന്ന വേലിയേറ്റ തീരം.

സി) ദ്വീപ് തീരദേശ നിയന്ത്രണ മേഖല പദ്ധതി തയ്യാറാക്കൽ

i) നാല് ദ്വീപുകൾക്കുമുള്ള പദ്ധതി ആൻഡ്മാൻ നിക്കോബാർ ഭരണകൂടം വഴി കേന്ദ്ര പരി സ്ഥിതി വനം മന്ത്രാലയം തയ്യാറാക്കിക്കുന്നു. വളരെ പ്രശസ്തവും അനുഭവസമ്പത്തുള്ള ശാസ്ത്ര സ്ഥാപനങ്ങൾ വഴിയോ, ഏജൻസികൾ അതായത് പരിസ്ഥിതി വനം മന്ത്രലയ ത്തിന്റെ പരിധിയിലുള്ള നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ് മെന്റ് (NCSCM) വഴിയോ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പദ്ധതി തയ്യാറാക്കുന്നു.

ii) പരിസ്ഥിതി വനമന്ത്രാലയം രാജ്യത്തെ മുഴുവൻ തീരപ്രദേശത്തേയും അപകട രേഖയുടെ പടം തയ്യാറാക്കണം. വേലിയേറ്റം, തിരകൾ, കടലിന്റെ സ്ഥിതി, തീരത്തിന്റെ മാറ്റം എന്നിവ കൂടി കണക്കിലെടുത്തുവേണം ഇതു തയ്യാറാക്കാൻ.

iii) അടുത്ത അൻപതു മുതൽ നൂറ് വർഷത്തിനുള്ളിൽ ഉണ്ടാകുന്ന വേലിയേറ്റം മൂലമുള്ള വെള്ളപ്പൊക്കം തിരമാലകൾ, സമുദ്ര നിരപ്പിന്റെ ഉയരത്തിലുള്ള വർദ്ധനവ് എന്നിവ ചിത്രീകരിക്കുന്നതിന് തീരദേശത്തിന്റെ കോൺട്ടൂർ രീതി (വരകൾ കൊണ്ടുള്ള ചിത്രം)യി ലുള്ള പടം 0.5 മീറ്റർ വിട്ട് വിട്ട് ഉയർന്ന വേലിയേറ്റ രേഖ മുതൽ 7 കിലോമീറ്റർ ദൂരം കരഭാ ഗത്തേക്ക് എടുക്കേണ്ടതുണ്ട്. തീരത്തിന്റെ മാറ്റങ്ങൾ മുൻ ഉപഗ്രഹ ചിത്രവും ഇപ്പോഴത്തെ ഉപഗ്രഹ ചിത്രവും തമ്മിൽ താരതമ്യം ചെയ്ത് തയ്യാറാക്കേണ്ടതാണ്.

iv) അപകടരേഖയുടെ ചിത്രം വിശാല രീതിയിൽ 1:25000 എന്നതോതിലും സൂക്ഷ്മരീതി യിൽ 1:10000 എന്ന തോതിലും ചെയ്യേണ്ടതാണ്. കടൽക്കരയുടെ ഉപയോഗം സംബ ന്ധിച്ച പദ്ധതി തയ്യാറാക്കുമ്പോൾ അപകട രേഖ കണക്കിൽ എടുക്കേണ്ടതുണ്ട്.

v) ഈ വിജ്ഞാപനം പുറപ്പെടുവിച്ച് 24 മാസത്തിനകം ആൻഡ്മാൻ നിക്കോബാർ ഭരണ കൂടം ICRZ പദ്ധതിയുടെ കരട്രേഖ 1:25000 തോതിൽ ചിത്രണം ചെയ്യേണ്ടതാണ്. പൊതു ജനങ്ങളുമായുള്ള ചർച്ചയിലൂടെ ICRZ-I,II,III,IV മേഖലകളും തരം തിരിക്കേണ്ട തുണ്ട്.

vi) കേന്ദ്ര ഭരണ പ്രദേശത്തിന്റെ ഭരണകൂടം ICRZ പദ്ധതിയുടെ കരട് രേഖ ആൻഡമാൻ നിക്കോബാർ CZMAയുടെ വിലയിരുത്തലിനും 2006ലെ EIA വിജ്ഞാപനം അനുസരി ച്ചുള്ള അനുയോജ്യമായ ചർച്ചകൾക്കും ശുപാർശകൾക്കും ആയി സമർപ്പിക്കേണ്ടതാണ്.

vii) ആൻഡമാൻ നിക്കോബാർ C2MA കരട് ICRZ പദ്ധതി പരിസ്ഥിതി വനം മന്ത്രാലയത്തിന് പദ്ധതി സംബന്ധിച്ച അതിന്റെ ശുപാർശയ്ക്ക് ഒപ്പം ആറ് മാസത്തിനകം സമർപ്പിക്കേണ്ട താണ്. ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും വിയോജന കുറിപ്പുകളും ഇതിൽ ഉൾകൊള്ളിച്ചിരിക്കണം.

viii) പരിസ്ഥിതി വനം മന്ത്രലായം ICRZ പദ്ധതി പരിശോധിക്കുകയും അനുമതി ഉൾപ്പെടെ യുള്ള എല്ലാകാര്യങ്ങളും നാല്മാസത്തിനുള്ളിൽ പൂർത്തികരിക്കുകയും ചെയ്യേണ്ടതുണ്ട്.

ix) ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും അനുമതി ലഭിച്ച ICRZ പദ്ധതിയുടെ ചട്ടക്കുട്ടിനുള്ളിൽ നിന്നുകൊണ്ട് വിജ്ഞാപന പ്രകാരം തന്നെ കേന്ദ്രഭരണ പ്രദേശത്തെ ഭരണ കൂടവും, പ്രാദേശിക അധി കാരികളും, അനുബന്ധ ആൻഡമാൻ നിക്കോബാർ CZMAയും നിയന്ത്രിച്ച നടപ്പിലാക്കേ ണ്ടതാണ്.

x) ICRZ പദ്ധതി സാധാരണ നിലയിൽ 5 വർഷത്തിനുള്ളിൽ പുനപരിശോധിച്ച് പുതുക്കുക യില്ല. മുൻപറഞ്ഞ നടപടിക്രമങ്ങൾ പാലിച്ച് ഇത് പുതുക്കേണ്ടതുണ്ട് എന്ന് ഭരണകൂട ത്തിന് തോന്നുമ്പോൾ മാത്രം അത് ചെയ്താൽ മതിയാകും.

ഡി) നാല് ദ്വീപുകളിൽ ഈ വിജ്ഞാപന പ്രകാരം അനുവദനീയമായ പ്രവർത്തനങ്ങളുടെ നിയ ന്ത്രണം സംബന്ധിച്ച മാനദണ്ഡങ്ങൾ.

1 (i) ദ്വീപ് തീരദേശ സംരക്ഷണ മേഖല (ICRZ)-I

എ) താഴെ പറയുന്നവ ഒഴികെ ഒരു നിർമ്മാണ പ്രവർത്തനങ്ങളും ICRZ-Iൽ അനു വദനീയമല്ല.

i) അണുശക്തി വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾ:

ii) പൈപ്പ് ലൈനുകൾ, പ്രസരണ ലൈനുകൾ ഉൾപ്പെടെയുള്ള ആശയവി നിമയ സംവിധാനം.

iii) ICRZ-I പ്രകാരം അംശീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതി നായി ഒഴിച്ചുകൂടാൻ കഴിയാത്ത സൗകര്യങ്ങൾ.

iv) ന്യൂനമർദ്ദ നീക്കങ്ങൾ മനസിലാക്കുന്നതിനും അതിനനുസൃതമായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന് പ്രവചനങ്ങൾ നടത്തുന്നതിനും സഹായകരമായ രീതിയിൽ കാലാവസ്ഥ മനസിലാക്കുന്നതിനുള്ള റഡാർ സംവിധാനം സ്ഥാപിക്കുക.

v) ചെറുവേലിയേറ്റ രേഖ മുതൽ വൻ വേലിയേറ്റ രേഖവരെയുള്ള മേഖല യിലെ ജല പ്രവാഹം തടസ്സപ്പെടാതെ തന്നെ കടലിലൂടെ ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നിർമ്മാണം നടപ്പിലാക്കുക.

ബി) പരിസ്ഥിതി പരമായി അധിക പ്രാധാന്യം ഇല്ലാത്ത ചെറുവേലിയേറ്റ രേഖ മുതൽ വൻ വേലിയേറ്റ രേഖവരെയുള്ള പ്രദേശത്ത് താഴെ പറയുന്നവ അനുവദിക്കുമ്പോൾ സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കുക.

i) പ്രകൃതിവാതകം കണ്ടെത്തുകയും ഖനനം ചെയ്യുകയും ചെയ്യുക.

ii) ആൻഡ്മാൻ നിക്കോബാർ CZMAയുടെ അനുമതി ലഭിച്ചതിന് ശേഷം പരമ്പരാഗതമായി അവകാശപ്പെട്ട മേഖലയിൽ മത്സ്യ ബന്ധന തൊഴിലാളിഗ്രാമങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത വാസകേന്ദ്രങ്ങൾക്ക് ആവശ്യമായ താമസസ്ഥലങ്ങളുടെ നിർമ്മാണം, ആശുപത്രികൾ, വിദ്യാലയങ്ങൾ, പൊതു മഴത്താവളങ്ങൾ, പൊതുകക്കൂസുകൾ, പാലങ്ങൾ, റോഡുകൾ, ബോട്ടുജട്ടികൾ, ജലവിതരണം, ഓടകൾ, എന്നിങ്ങനെ ആവശ്യമുള്ളവയുടെ നിർമ്മാണം.

iii) അപായ മേഖലയിൽ ഇത്തരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ കൂടി കൈകൊള്ളേണ്ടതാണ്.

iv) ഉപ്പ് നീക്കം ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ.

v) ഭക്ഷ്യ എണ്ണ, വളങ്ങൾ, ഭക്ഷ്യധാന്യങ്ങൾ, തുടങ്ങിയ അപായകരമല്ലാത്ത വസ്തുക്കളുടെ സംഭരണത്തിനായി നിശ്ചിതപോർട്ടുകൾ സംവിധാനം ഒരുക്കുക.

2. ICRZ-II

i) നിലവിലുള്ള റോഡിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും കരഭാഗത്തേക്കു മാത്രം കെട്ടിടങ്ങൾക്ക് അനുവാദം നൽകുക.

ii) നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും കര ഭാഗത്തേക്ക് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിലവിലുള്ള പ്രദേശിക നഗര, ഗ്രാമ പ്ലാനിംഗ് നിബന്ധനകൾക്ക് വിധേയമായിരിക്കണം. ഇതിൽ തറ പ്രദേശത്തിറൈ സൂചിക (Floor space Index - F51) തറ പ്രദേശത്തിന്റെ തോത് (Floor Area Ration-FAR) എന്നിവയും പാലിച്ചിരിക്കേണ്ടതുണ്ട്.

നിലവിലുള്ള റോഡിൽ നിന്നും കടൽ ഭാഗത്തേക്ക് നിർമ്മിക്കുന്ന പുതിയ റോഡുകളുടെ അരികിൽ പുതുതായി ഒരു കെട്ടിട നിർമ്മാണവും അനുവദിക്കുന്നതല്ല.

iii) നിലവിലുള്ള ഉപയോഗ സ്ഥലത്തിന് മാറ്റമില്ലാതെ FSI, FAR മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ അംഗീകൃത കെട്ടിടങ്ങളുടെ പുനർ നിർമ്മാണം അനുവദിക്കുകയുള്ളൂ.

3. ICRZ-III മേഖലകൾ

a) കടലിലെ ഉയർന്ന വേലിയേറ്റ രേഖ മുതൽ കര ഭാഗത്തേക്ക് 200 മീറ്ററും, മറ്റ് ജലശയങ്ങളുടെ കരയിൽ നിന്നും 100 മീറ്ററും വരുന്ന മേഖല വികസന പ്രവർത്തനങ്ങൾ അനുവദനിയമല്ലാത്ത ആ (No Development Zone- NDZ) മേഖലയായി തിരിച്ചിരിക്കുന്നു.

i) ഏതെങ്കിലും പ്രഖ്യാപിത തുറമുഖത്തിന്റെ പരിധിയിൽ വരുന്ന ഇത്തരം മേഖലയെ NDZൽ ഉൾപ്പെടുത്തുന്നതല്ല.

ii) NDZ മേഖലയിൽ നിലവിലുള്ള അംഗീകൃത നിർമ്മിതികളുടെ അറ്റകുറ്റപണികൾ നടത്തുന്നതും അതും നിലവിലുള്ള നിർമ്മിതിയുടെ അളവിൽ വർദ്ധനവില്ലാതെ പുനർനിർമ്മിതിയും, വിജ്ഞാപനത്തിൽ നൽകിയിരിക്കുന്നതുപോലെയുള്ള അംഗീകൃത പ്രവർത്തനങ്ങളും മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെ പരമ്പരാഗതമായി തീരദേശത്തു വസിക്കുന്നവരുടെ വാസസ്ഥലങ്ങളുടെ നിർമ്മിതിയും പുനർനിർമ്മിതിയും ഉയർന്ന വേലിയേറ്റ രേഖ മുതൽ 100 മുതൽ 200 മീറ്റർ വരെ കരഭാഗത്ത് കേന്ദ്ര ഭരണ പ്രദേശത്തെ ഭരണകൂടം തയ്യാറാക്കിയ ബൃഹത് പദ്ധതി പ്രകാരം അത്യാപത്തുകളെ നേരിടാനുള്ള സൗകര്യം ഉൾപ്പെടെ അതാതു കേന്ദ്രത്തെ ഭരണകൂടം CZMA മുതൽ NCZMA വരെ പരിസ്ഥിതി വന മന്ത്രാലയത്തിന്റെ അനുമതിയോടെ മാത്രം നടപ്പിലാക്കാവുന്നതാണ്. മറ്റ് യാതൊരു വിധ നിർമ്മിതിയും അനുവദനീയമല്ല.

(iii) എന്നിരുന്നാലും വികസന പ്രവർത്തനങ്ങൾ അനുവദനീയമല്ലാത്ത മേഖലയിൽ (NDZ) താഴെ പറയുന്ന പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതാണ്.

എ) കൃഷി, പുഷ്പഫല കൃഷി, ഉദ്യാനങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവത്ക്കരണം.

ബി) ആണവ ഊർജ്ജ വകുപ്പും ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സി) അപൂർവ്വ ധാതുക്കളുടെ ഖനനം

ഡി) പെട്രോളിയം ഉത്പന്നങ്ങളു ദ്രവരൂപത്തിലുള്ള പ്രകൃതി വാതകം എന്നിവ എടുക്കാനും സംഭരിക്കാനും അനുബന്ധം IIൽ പറഞ്ഞിരിക്കുന്നതുപോലെ ഉള്ള സൗകര്യം.

ഇ) പ്രകൃതി വാതകം സിലണ്ടറുകളിൽ നിറയ്ക്കുന്നതിനുള്ള സംവിധാനം.

എഫ്) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യം

ജി) ഉപ്പ് നിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾക്കും ഉള്ള സൗകര്യം.

എച്ച്) കാലാവസ്ഥാ റഡാറുകൾ

ഐ) ആശുപത്രികൾ, വിദ്യാലയങ്ങൾ, മഴയിൽനിന്നുള്ള ആശ്വാസ കേന്ദ്ര ങ്ങൾ, പൊതു കക്കൂസുകൾ, പാലങ്ങൾ, റോഡുകൾ, ജല വിതരണ സംവിധാനങ്ങൾ, ഓടകൾ, അഴുക്കുചാലുകൾ, ശ്മശാനങ്ങൾ, വൈദ്യുത ഉപനിലയങ്ങൾ തുടങ്ങി പ്രാദേശിക ജനതയ്ക്ക് ആവശ്യമുള്ള നിർമ്മിതികൾ ആൻഡ്മാൻ നിക്കോബാർ CZMA ഓരോ ആവശ്യവും പരിശോധിച്ച് അനുമതി നൽകാവുന്നതാണ്.

ജെ) വീടുകളിൽ നിന്നുള്ള മാലിന്യങ്ങളുടെ സംസ്കരണവും നിർമ്മാർജ്ജ നവും നടത്തുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ മലിനീ കരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടി നടപ്പിലാക്കു ന്നത്.

കെ) പ്രാദേശിക മത്സ്യബന്ധന തൊഴിലാളി സമൂഹത്തിന് ആവശ്യമായ മത്സ്യം ഉണക്കുന്ന തറ, ലേലത്തിനുള്ള സ്ഥലം, വല തയ്യാറാക്കുന്നതി നുള്ള സ്ഥലം, പാരമ്പര്യ തരത്തിലുള്ള ബോട്ടുകൾ ഉണ്ടാക്കുന്നതി നുള്ള സ്ഥലം, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കുന്നതിനുള്ള യന്ത്രം, മത്സ്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ നിർമ്മിക്കുക.

എൽ) വിമാന താവളങ്ങളും, അനുബന്ധ സൗകര്യങ്ങളും

ബി) 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ളതിന് ഇടയ്ക്കുള്ള മേഖല

താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇവിടെ അനുവദനീയമാണ്.

i) അനുബന്ധം-IIൽ പറഞ്ഞിരിക്കുന്നപോലെ പെട്രോളിയം ഉത്പന്നങ്ങ ളുടേയും, ദ്രവരൂപത്തിലുള്ള പ്രകൃതി വാതകവും എടുക്കാനും സംഭരി ക്കാനും ഉള്ള സൗകര്യം.

ii) ഹോട്ടലുകൾ, വിനോദ സഞ്ചാരികൾക്കുള്ള ബീച്ച് റിസോർട്ടുകൾ, എന്നിവ അനുബന്ധം-IIIൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർമ്മിക്കുക.

iii) ദ്രവ രൂപത്തിലുള്ള പ്രകൃതി വാതകം നിറയ്ക്കുന്നത്.

iv) ഭഷ്യ എണ്ണ, രാസവളങ്ങൾ, ഭക്ഷ്യ ധാന്യങ്ങൾ എന്നിങ്ങനെ അപകടക രമല്ലാത്ത പാദാർത്ഥങ്ങൾ ചില പ്രഖ്യാപിത പോർട്ടുകളിൽ സംഭരിച്ച് വെയ്ക്കുന്നത്.

v) ഉപ്പ് വേർതിരിക്കുന്നതും അനുബന്ധ പ്രവർത്തനങ്ങളും.

vi) പാരമ്പര്യേതര ഊർജ്ജം ശ്രോതസ്സിൽ നിന്നുള്ള ഊർജ്ജോത്പാദനം.

vii) നിലവിലുള്ള മത്സ്യതൊഴിലാളി ഗ്രാമങ്ങൾ പോലെ പാരമ്പര്യതര അവകാശത്തിൽ വരുന്ന തരത്തിൽ ഉള്ള വാസസ്ഥലങ്ങളുടെ നിർമ്മാണവും പുനർനിർമ്മാണവും. ഇത്തരം നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുവാദം പ്രദേശിക നഗര ഗ്രാമ പദ്ധതി നിയമങ്ങൾ അനുസരിച്ചിരിക്കണം.

viii) വിമാന താവളങ്ങളും അനുബന്ധ സൗകര്യങ്ങളും.

4. ICRZ-IV മേഖലകൾ

തുറമുഖവും തീരവികസനവും ഉൾപ്പെടെ കടലിനേയും വേലിയേറ്റ സ്വാധീനമുള്ള ജലത്തേയും ബാധിക്കുന്നതും പാരമ്പര്യ മത്സ്യബന്ധനവും അനുബന്ധ വ്യവസായങ്ങളും ഒഴികെയുള്ള എല്ലാ പ്രവർത്തനങ്ങളും താഴെ പറയും വിധം നിയന്ത്രിക്കേണ്ടതുണ്ട്.

എ) ശുദ്ധീകരണത്തിന് വിധേയമാകാത്ത മാലിന ജലം, മാലിന്യങ്ങൾ, കപ്പലിൽ നിന്നുള്ള മാലിന്യങ്ങൾ, പൊടി രൂപത്തിലും ഖന രൂപത്തിലുമുള്ള മാലിന്യങ്ങൾ എന്നിങ്ങനെ കാർഷിക പ്രവർത്തനങ്ങളിൽ നിന്നുള്ളത് ഉൾപ്പെടെ ഉള്ളത് ഒന്നും തന്നെ ഒഴുകി വിടുന്നതിനോ നിക്ഷേപിക്കുന്നതിനോ പാടുള്ളതല്ല. തീരദേശ പട്ടണങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള മാലിന്യ സംസ്കരണത്തിനായി ഒരു സമഗ്ര പദ്ധതി ഒരു വർഷത്തിനകം പരമ്പര്യഗത തീരദേശവാസികൾ, മത്സ്യതൊഴിലാളികൾ എന്നിവരുമായുള്ള ചർച്ചയിലൂടെ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

ബി) എണ്ണ, പ്രകൃതി വാതകം എന്നിവയുടെ സംസ്കരണം, ഖനനം, ബോട്ട് ഹൗസ്, കപ്പലുകൾ എന്നിവയിൽ മൂലമുള്ള മലിനീകരണം.

സി) പരമ്പരാഗത മത്സ്യബന്ധനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും യാതൊരു വിധ നിയന്ത്രണവും പാടുള്ളതല്ല.

3. ICRZ, IIMP എന്നിവയുടെ കാലാവധി

i) ICRZ, IIMP എന്നിവയ്ക്ക് അഞ്ച് വർഷത്തെയ്ക്ക് കാലാവധി ഉണ്ടായിരിക്കും. ഒരു പദ്ധതിയുടെ കാലാവധി കഴിയുന്നതിന് ആറ് മാസം മുൻപ് അടുത്ത IIMP തയ്യാറാക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം ഏതു സമയത്തും പദ്ധതി വിലയിരുത്തുന്നതിന് ആൻഡമാൻ നിക്കോബാർ ലക്ഷദ്വീപ് ഭരണകൂടം എന്നിവയിൽ ബന്ധപ്പെട്ട ഭരണകൂടം സന്നദ്ധമായിരിക്കണം.

ii) CRZ വിജ്ഞാപനം 1991 പ്രകാരം അംഗീകരിച്ച തീരദേശ പരിപാലന പദ്ധതിയുടെ കാലാവധി, കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം ഒരു പ്രത്യേക വിജ്ഞാപനം വഴി പ്രത്യേകമായ നിബന്ധനകളോടു കൂടി ദീർഘിപ്പിക്കാത്ത പക്ഷം, 24 മാസം ആയിരിക്കും.

4. ഈ വിജ്ഞാപനം നടപ്പിലാക്കലും വിലയിരുത്തലും

എ) ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുകയും പ്രാബല്യ ത്തിൽ വരുത്തുകയും ചെയ്യുന്നതിനായും പറഞ്ഞിരിക്കുന്ന നിബന്ധനങ്ങൾ കർശന മായി പാലിക്കുന്നതിനും ഉള്ള അധികാരം പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം, കേന്ദ്ര ഭരണ പ്രദേശ ഭരണ കൂടം, NCZMA, കേന്ദ്രഭരണ പ്രദേശ CZMA എന്നിവയിൽ നിക്ഷിപ്തമാണ്.

ബി) NCZMA, കേന്ദ്ര ഭരണ പ്രദേശത്തിന്റെ CZMA എന്നിവയുടെ രൂപ ഘടന, കാലാ വധി, അധികാരങ്ങൾ എന്നിവ പരിസ്ഥിതി വന മന്ത്രാലയം1993ലെ റിട്ട് പെറ്റീഷൻ 664മേലുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതി നകം ന്നെ വിജ്ഞാപനം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

സി) ഈ വിജ്ഞാപനം നടപ്പിലാക്കുന്നതിനും അതിന്റെ മേൽ നോട്ടത്തിനും ഈ പ്രക്രിയ യിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും ഉള്ള പ്രാഥമിക ഉത്തരവാദിത്വം കേന്ദ്ര ഭരണ പ്രദേശത്തെ CZMA യിൽ നിക്ഷിപ്തമായിരിക്കും. ബന്ധപ്പെട്ട ജില്ല മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെ പരമ്പ രാഗത തീരദേശ വാസികളിൽ നിന്നും ഏറ്റവും കുറഞ്ഞത് മൂന്ന് അംഗങ്ങൾ എങ്കിലും ഉള്ള സമതി ഭരണകൂടം രൂപീകരിക്കേണ്ടതാണ്.

ഡി) 1991-ലെ CRZ വിജ്ഞാപനത്തിലെ നിയമങ്ങൾക്ക് അനുസൃതമായി മത്സ്യബന്ധന തൊഴിലാളികളും, ഗിരിവർഗ്ഗക്കാരും ഉൾപ്പെടെ പരമ്പരാഗത തീരദേശവാസികളുടെ വാസ സ്ഥലങ്ങൾ അനുവദനീയം ആണ്. എന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും മുകളിൽ പറഞ്ഞ വിജ്ഞാപന പ്രകാരമുള്ള അംഗീകാരം നേടിയിട്ടില്ലാത്ത വയെ കേന്ദ്രഭരണ പ്രദേശത്തെ CZMAകൾ പരിശോധിക്കുകയും വാസസ്ഥല ങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾ പ്രകാരം അംഗീകാരം നൽകുകയും ചെയ്യാവുന്നതാണ്.

1) ഇവ യാതൊരു വ്യാവസായിക ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടുള്ള തല്ല.

2) ഇവ പാരമ്പര്യേതര തീരദേശ സമൂഹത്തിൽപെടുന്നവർക്ക് വിൽക്കുയോ കൈമാറ്റം ചെയ്യുകയോ ചെയ്യുവാൻ പാടില്ല.

5. ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നീ ദ്വീപുകളിൽ താഴെ പറയുന്ന പ്രവർത്തന ങ്ങൾ നിരോധിച്ചിരിക്കുന്നു.

1) പവിഴപുറ്റുകൾ നശിപ്പിക്കുക.

2) നാമാവശേഷം വന്നതും നശിച്ചുകൊണ്ടിരിക്കുന്നതുമായ ജീവികളുടെ കൂടുകളും

പ്രജനന സ്ഥലവും നശിപ്പിക്കുന്ന തരത്തിൽ തീരദേശത്തെയും അതിനു ചുറ്റുമുള്ള പ്രദേശത്തേയും മണ്ണിന്റെ ഖനനം.

3) തീരദേശ സംരക്ഷണത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പവിഴ ദ്വീപുകൾ, കണ്ടൽ കാടുകൾ എന്നിവയുള്ള കടൽ ഭാഗത്ത് നടത്തുന്നതും.

4) ശുദ്ധീകരിക്കാത്ത മലിന ജലത്തിന്റേയും മാലിന്യങ്ങളുടേയും നിക്ഷേപം.

5) പൊടികൾ, വ്യാവസായിക മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ അലിഞ്ഞു ചേരാത്ത മാലിന്യങ്ങൾ എന്നിവയുടെ നിക്ഷേപം.

6) പാരിസ്ഥിതികമായി പ്രാധാന്യമുള്ള സ്ഥലത്തുനിന്നും പത്തു കിലോമീറ്ററിനുള്ളിൽ പരിസ്ഥിതി (സംരക്ഷണ)നിയമം 1986 (29,1986), വായു മലിനീകരണം തടയുന്ന തിനും നിയന്ത്രിക്കുന്നതിനുമുള്ള നിയമം, 1981, ജലമലിനീകരണം തടയുന്നതിനും നിയന്ത്രിക്കന്നതിനുമുള്ള നിയമം 1974 എന്നിവ പ്രകാരം തടയപ്പെട്ട വ്യാവസായിക പ്രവർത്തനങ്ങൾ.

7) താഴെ പറയുന്നവ ഒഴികെ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതും നിലവി ലുള്ളയുടെ വികസനവും.

എ) തീര ദേശ ജലവുമായി ബന്ധപ്പെട്ടിരിക്കുന്നതോ തീരസൗകര്യം ആവശ്യമു ള്ളതോ ആയ വ്യവസായങ്ങൾ.

**വിശദീകരണം:** തീര സൗകര്യം ആവശ്യമായ വ്യവസായം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വിജ്ഞാപന പ്രകാരം അനുവദനീയം ആയതും അവ യുടെ പ്രവർത്തനത്തിനായി കടൽ ഉൾപ്പെടെയുള്ള തീരം ആവശ്യമായി വരു ന്നതുമായ വ്യവസായത്തെയാണ്. തുറമുഖം, ഹാർബർ, ബോട്ടുജെട്ടികൾ, കപ്പൽ ചരക്കേറ്റിറക്കുന്ന സ്ഥലങ്ങൾ, കടൽ പാലങ്ങൾ, മണ്ണൊലിപ്പ് നിയ ന്ത്രണ നടപടികൾ, പൈപ്പ് ലൈനുകൾ, ലൈറ്റ് ഹൗസ്, നാവിക സുരക്ഷിത സംവിധാനങ്ങൾ, തീരദേശ പോലീസ് സ്റ്റേഷനുകൾ എന്നിവയാണ്.

8) കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ വിജ്ഞാപനം 1989, ജൂലൈ 28ലെ SO 594 (ഇ), 27 നവംബർ, 1989ലെ SO നമ്പർ 966 (ഇ), 1989 ഡിസംബർ 5ലെ GSR 1037 (ഇ) എന്നീ വിജ്ഞാപനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന രീതിയിൽ അപകട കരമായ വസ്തുക്കളുടെ നിക്ഷേപം, എണ്ണ ഉത്പന്നങ്ങളുടെ ഉത്പാദനവും സംഭര ണവും എന്നിവ താഴെ പറയുന്നവ ഒഴികെ ചെയ്യാൻ പാടുള്ളതല്ല.

എ) കപ്പലിൽ നിന്നും അപകടകരമായ വസ്തുക്കൾ, തുറമുഖം, എണ്ണ ശുദ്ധികരണ ശാലകൾ എന്നിവയിലേയ്ക്കും മറിച്ചും മാറുന്നത്.

ബി) അനുബന്ധം-IIൽ പറഞ്ഞിരിക്കുന്നതുപോലെ പെട്രോളിയം ഉത്പന്നങ്ങളുടേയും ദ്രവരൂപത്തിലുള്ള പ്രകൃതി വാതകങ്ങളുടേയും എടുക്കലും സംഭരണവും, പ്രകൃതിവാതകം ദ്രവരൂപത്തിൽ നിന്നുള്ള മാറ്റം എന്നിവ ICRZ-II (a) എന്നായി തരം തിരിച്ചിട്ടില്ലാത്ത മേഖലയിലും പരിസ്ഥിതി പരമായി പ്രാധാന്യമുള്ള മേഖലയിലും സുരക്ഷിതത്വ നടപടിക്രമങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതും, പെട്രോലിയം പ്രകൃതി വാതക മന്ത്രലയത്തിന്റെ എണ്ണ വ്യവസായ സുരക്ഷിതത്വ കാര്യാലയം പരിസ്ഥിതി വനമന്ത്രാലയം എന്നിവ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖകൾ, പരിസ്ഥിതി വന മന്ത്രാലയം നിർദ്ദേശിക്കുന്ന തരത്തിലുള്ള തിരുന്നൽ നടപടികൾ നടപ്പാക്കുക.

രാസവളങ്ങളുടെയും അവയുടെ നിർമ്മിതിക്കാവശ്യമാറ അസംസ്കൃത വസ്തുക്കളുടേയും അതായത് അമോണിയം, ഫോസ്ഫറിക് ആസിഡ്, സൾഫർ, സൾഫറിക് ആസിഡ്, നൈട്രിക് ആസിഡ് മുതലായവ വാങ്ങുന്നതും സംഭരിക്കുന്നതും I CRZ-1 എന്നല്ലാതെ തരം തിരിച്ചിരിക്കുന്ന മേഖലകളിൽ അനുവദനീയം ആണ്. വന്യജീവി (സംരക്ഷണ) നിയമം 1972, വന (സംരക്ഷണ) നിയമം 1980, പരിസ്ഥിതി (സംരക്ഷണ) നിയമം 1986 എന്നിവ പ്രകാരം പരിസ്ഥിതികമായി പ്രാധാന്യമുള്ള മേഖലയിലും ഇവ അനുവദനീയമല്ല.

9) മത്സ്യം വളർത്തു കേന്ദ്രങ്ങളും മത്സ്യ ഉണക്ക് സ്ഥലങ്ങളും ഒഴികെ മത്സ്യസംസ്കരണ സംഭരണ ശാലകൾ ഈ മേഖലയിൽ അനുവദനീയം ആണ്.

10) കടലിന്റെ പ്രകൃത്യാ ഉള്ള ഒഴുക്കിനെ തടയുന്നതോ, തിരിച്ചുവിടുന്നതോ ആയ പ്രവർത്തനം താഴെ പറയുന്നവ ഒഴികെ നടപ്പിലാക്കാൻ പാടുള്ളതല്ല.

എ) തുറമുഖം, മത്സ്യബന്ധന തുറമുഖം, ജെട്ടികൾ, കപ്പൽ ചരക്ക് ഏറ്റിറക്ക് സ്ഥലങ്ങൾ, പാലങ്ങൾ, റോഡുകൾ കടൽ പാലങ്ങൾ, പ്രതിരോധത്തിനും സുരക്ഷിതത്വത്തിനും ഉള്ള സൗകര്യങ്ങൾ ഈ വിജ്ഞാപന പ്രകാരം അനുവദനീയമായ മറ്റ് പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള തീരദേശ സൗകര്യങ്ങളുടെ ആധുനികവത്കരണവും വികസനവും ലക്ഷ്യമാക്കിയുള്ള നിർമ്മിതികൾ.

ബി) പരിസ്ഥിതി സ്വാധീന പഠനത്തിന്റെ ഫലമായുള്ള ശാസ്ത്രീയമായ മണ്ണൊലിപ്പ് തടയൽ നടപടികൾ.

സി) അത്തരം പഠനത്തെ അടിസ്ഥാനമാക്കി നിർചാലുകളുടേയും, കനാലുകളുടേയും തുറമുഖത്തിന്റേയും പരിപാലനവും ക്രമമാക്കലും.

ഡി) വേലിയേറ്റ നിയന്ത്രണ സംവിധാനം, മഴവെള്ളം ഒഴുകിപോകുന്നതിനുള്ള ജലം ശുദ്ധീകരണ സംവിധാനങ്ങൾ തുടങ്ങി പരിസ്ഥിതി വന മന്ത്രാലയം രേഖപ്പെടുത്തുന്ന പ്രത്യേക എജൻസികളുടെ പ്രവർത്തനങ്ങൾ.

11) മാലിന്യങ്ങളും മാലിനജലവും നിക്ഷേപിക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങുന്നതും വികസിപ്പിക്കുന്നതും താഴെ പറയുന്നവ ഒഴികെ.

എ) മലിനജലം ശുദ്ധീകരിച്ച് ജല മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള നിയമം 1974 (6,1974)ന്റെ അംഗീകാരത്തോടെ കടലിലേക്ക് ഒഴുക്കുന്നത്.

ബി) മഴവെള്ളം ഒഴുക്കുന്നതിനുള്ള ഓടകളും അവ പമ്പുചെയ്യുന്നതിനുള്ള സംവിധാനങ്ങളും

സി) ICRZ മേഖലയിലുള്ള (ICRZ-1 ഒഴികെ) ഹോട്ടലുകൾ, ബിച്ച് റിസോർട്ടുകൾ, മനുഷ്യവാസ സ്ഥലങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങളുടേയും മലിനജലത്തിന്റേയും സംസ്കരണവും സംസ്കരിച്ച ജലത്തിന്റെ നിർമ്മാർജ്ജനവും.

12) നഗരങ്ങൾ, പട്ടണങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ മുനഷ്യ വാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഉള്ള മലിനജലം സംസ്കരിക്കാതെ ഒഴുക്കുന്നത് ഇത്തരത്തിൽ ഒഴുക്കുന്നത് നിലവിലുണ്ടെങ്കിൽ അത് ഘട്ടം ഘട്ടം ആയി നിർത്തൽ ചെയ്യുന്നതിന് ഉള്ള പദ്ധതികൾ ബന്ധപ്പെട്ട അധികാരികൾ ആവിഷ്കരിക്കുകയും വിജ്ഞാപന തീയതി മുതൽ രണ്ട് വർഷത്തിനകം അവ നിർത്തൽ ചെയ്യുകയും ചെയ്യേണ്ടതാണ്.

13) നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നു ഉള്ള മാലിന്യങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളിലേത് ഉൾപ്പടെ വ്യവസായങ്ങളിലെ ഖര മാലിന്യങ്ങൾ, സ്ഥല നിരപ്പിക്കുന്നതിനുള്ള മണ്ണ് എന്നിവ നിക്ഷേപിക്കുന്നത് അധികാരികൾ ഘട്ടം ഘട്ടമായി നിർത്തേണ്ടതാണ്. വിജ്ഞാപനം മുതൽ ഒരു വർഷത്തിനകം ഇത് നിർത്തൽ ചെയ്തിരിക്കണം.

**കുറിപ്പ്:** നടപടിക്രമം സംബന്ധിച്ച് പരിസ്ഥിതി വന മന്ത്രാലയം കേന്ദ്രഭരണ പ്രദേശങ്ങൾക്ക് പ്രത്യേകം നിർദ്ദേശങ്ങൾ, അവയുടെ നടപ്പാക്കൽ, മേൽനോട്ടം കാലാവധി എന്നിവ ഉൾപ്പെടെ നൽകുന്നതാണ്.

14) വളരെയധികം മണ്ണൊലിപ്പുള്ള സ്ഥലങ്ങളിൽ, തുറമുഖങ്ങളും മത്സ്യബന്ധന തുറമുഖങ്ങളും സംബന്ധിച്ച പദ്ധതികൾ, വളരെ നിർണ്ണായകവും പ്രതിരോധ സംബന്ധിയും EIA വിജ്ഞാപനം 2006 പ്രകാരം പരിസ്ഥിതി വനമന്ത്രാലയം ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഭരണ പ്രദേശത്തെ അധികാരികളും ആയി ചർച്ച ചെയ്ത് തീരുമാനിക്കുന്നവയും അല്ലാത്ത പ്രവർത്തനങ്ങൾ.

15) വാണിജ്യകേന്ദ്രങ്ങൾ ഭവന സമുച്ചയങ്ങൾ, ഹോട്ടലുകൾ വിനോദ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം.

16) ICRZ മേഖലയിൽ ഒഴികെ മറ്റെങ്ങും ലഭിക്കാത്ത അപൂർവ്വ ധാതുക്കളുടെ ഖനനം, എണ്ണയുടേയും പ്രകൃതി വാതകത്തിന്റേയും കണ്ടെത്തലും ഖനനവും എന്നിവ ഒഴികെ മണ്ണിന്റേയും പാറകളുടേയും മറ്റ് ഉപ ഘടകങ്ങടേയും ഘനനം

17) താഴെ പറയുന്നവ ഒഴികെ ഭൂഗർഭ ജലത്തിന്റെ ചൂഷണവും അതുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളും ഉയർന്ന വേലിയേറ്റ രേഖ മുതൽ 200 മീറ്ററിനുള്ളിൽ

എ) പ്രാദേശിക സമൂഹത്തിന്റെ വാസകേന്ദ്രങ്ങളിൽ അവരുടെ ഉപയോഗത്തിനൊഴികെ.

ബി) 200 നും 500 മീറ്ററിനും ഇടയിൽ വരുന്ന പ്രദേശത്ത് ഭൂഗർഭജലം മനുഷ്യ ശക്തിയിൽ സാധാരണ കിണറിൽ നിന്നും കുടിവെള്ളത്തിനും കാർഷിക, പുഷ്പ ഫല കൃഷികൾക്കും മത്സ്യ ബന്ധനത്തിനും മറ്റ് മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ഉപയോഗിക്കുന്നതിന് അനുവദിക്കും.

**കുറിപ്പ്:** കേന്ദ്ര ഭരണ പ്രദേശ ഭരണകൂടം അനുമതി നൽകുന്ന അധികാരികൾ ഇങ്ങനെ വെള്ളം എടുക്കുന്നതിനുള്ള നിയന്ത്രണം നടപ്പിലാക്കേണ്ടതാണ്.

18) പാരിസ്ഥിതികമായി പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഈ വിജ്ഞാപനത്തിൽ പറയുന്നത് ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

19) മൺകുനകൾ വെട്ടിഎടുക്കുന്നതും തുരക്കുന്നതും, അവസ്ഥ മാറ്റം വരുത്തുന്നതും, ഭംഗിക്ക് വേണ്ടി ഭൂതലത്തിൽ വരുത്തുന്ന മാറ്റങ്ങൾ, പുനർനിർമ്മിതി മറ്റ് സമാനമായ പ്രവൃത്തികൾ.

20) കടൽ തീരത്തും കടലിലും പട്രോളിങ്ങ് നടത്തുന്നതിനും സൂക്ഷ്മ നിരീക്ഷണത്തിനും ആയുള്ള പ്രവർത്തനങ്ങൾ

6. പദ്ധതികൾക്ക് ഈ വിജ്ഞാപന പ്രകാരം നൽകിയ അനുമതിയുടെ കാലാവധി:

അനുമതി നൽകിയ തീയതി മുതൽ അഞ്ച് വർഷത്തിനകം അനുമതി ലഭിച്ച പദ്ധതിയുടെ തുടക്കം കുറിക്കേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനം ആരംഭിക്കേണ്ടതും ആകുന്നു അതായത് അഞ്ച് വർഷ കാലാവധിയാണ് അനുമതിക്ക് നൽകുന്നത്.

7. EIA വിജ്ഞാപനം 2006 അല്ലെങ്കിൽ മറ്റ് വിജ്ഞാപനങ്ങളോ നടപ്പാക്കൽ:

പാരിസ്ഥിതിക സ്വാധീനം വരുന്നതോ, വന സംരക്ഷണ നിയമം 1980 (69,1980) വന്യജീവിസംരക്ഷണ നിയമം 20 1972, (52,1972) എന്നിവയുടെ പരിധിയിൽ വരുന്നതോ ആയ വികസന പ്രവർത്തനങ്ങൾ നിയമാനുസൃതം പരിഗണിക്കേണ്ടതും അധികാരികളിൽ നിന്നും മുൻകൂട്ടി അനുമതി തേടിയ ശേഷം ശുപാർശ ചെയ്യേണ്ടതും ആകുന്നു.

8. IIMP പ്രകാരം മുകളിൽ പറഞ്ഞിട്ടില്ലാത്ത ഏതൊരു പ്രവൃത്തിയും പരിസ്ഥിതി വനമന്ത്രാലയത്തിന് ബന്ധപ്പെട്ട കേന്ദ്രഭരണ പ്രദേശ അധികാരികൾ വഴി സമർപ്പിച്ച് അംഗീകാരം തേടേണ്ടതാണ്.

No. 12-3/2008-IA.III

ജെ.എം.മൗസ്കർ, അഡിഷണൽ സെക്രട്ടറി

## അനുബന്ധം-1

**സംയോജിത ദ്വീപു പരിപാലന പദ്ധതിയും ദ്വീപുകളുടെ തീര നിയന്ത്രണ മേഖല തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ.**

1. ജലാശയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മുഴുവൻ ദ്വീപുകളാണ് സംയോജിത ദ്വീപു പരിപാലന പദ്ധതിയ്ക്ക് പരിഗണിക്കപ്പെടുന്നത് ഐ.സി.ആർ.ഇസഡ്-ന്റെ അധികാരാതിർത്തി ഖണ്ഡിക III (A)-ൽ പരാമർശിച്ചിരിക്കുന്നു.

2. ഇപ്പോൾ നടന്നു വരുന്നതും, ഭാവിയിലെ വികസനങ്ങൾ, അടുത്ത പത്തു വർഷ കാലാവധിയിലെ സംരക്ഷണ-നിലനിർത്തൽ പദ്ധതികൾ പ്രതിപാദിക്കുന്ന വിധത്തിലായിരിക്കണം സംയോജിത ദ്വീപു പരിപാലന പദ്ധതികൾ തയ്യാറാക്കേണ്ടത്.

3. സംയോജിത ദ്വീപു പരിപാലന പദ്ധതിയിലും ഐ.സി.ആർ.ഇസഡിലും ജിയോ മോർഫോളജി, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്ര നിരപ്പിന്റെ സ്വഭാവം, തിരശ്ചീനരേഖയുടെ മാറ്റങ്ങൾ എന്നിവയാൽ മനുഷ്യജീവിതം, വസ്തുവകകൾ എന്നിവയ്ക്കുണ്ടാകാവുന്ന ദോഷ ഫലങ്ങൾ പരിഗണിച്ച് വാസയോഗ്യമായ പ്രദേശങ്ങൾ, അതിനുള്ള സൗകര്യങ്ങൾ മുതലായവ സൂചിപ്പിക്കുകയും, പ്രാദേശിക ജനവിഭാഗത്തിന്റെ ജീവനും, സ്വത്തിനും സംരക്ഷണം, പ്രകൃതിക്ഷോഭത്തിൽ നിന്നും നിർമ്മിതികളുടെ സംരക്ഷണം എന്നിവയ്ക്കായി ഉചിതമായ സംരക്ഷണ മാർഗ്ഗങ്ങൾ സംയോജിത ദ്വീപു പരിപാലന പദ്ധതിയിൽ സൂചിപ്പിക്കേണ്ടതാണ്.

4. കടൽ മുഖത്തിലാണെങ്കിൽ, ആപൽ സാധ്യതാ രേഖയ്ക്കും, HTL-ൽ നിന്ന് 500 മീറ്റർ കരഭാഗത്തേക്ക് ഇടയിലുള്ള കരഭാഗം, വേലിയേറ്റ-വേലിയിറക്ക സ്വാധീന ജലാശയത്തിലാണെങ്കിൽ. ആപൽ സാധ്യതാ രേഖയ്ക്കും 100 മീറ്റർ രേഖയ്ക്കും ഇടയിലുള്ള ഭാഗം; എന്നിവയെ പരിസ്ഥിതി-വനം മന്ത്രാലയം വേലിയേറ്റ-വേലിയിറക്കങ്ങൾ, തിരകൾ, കടൽ നിരപ്പിന്റെ ഉയർച്ച, തീരരേഖകളുടെ മാറ്റങ്ങൾ എന്നിവ കണക്കിലെടുത്ത് സർവ്വെ ഓഫ് ഇന്ത്യയുടെ (SOI) സഹായത്തോടുകൂടി അടയാളപ്പെടുത്തി ആപത് സാധ്യതാ രേഖ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നു.

5. ആപത് സാധ്യതാ രേഖയ്ക്കും, അഞ്ചുറു മീറ്റർ കരഭാഗത്തേക്കുള്ള പ്രദേശങ്ങൾക്കു മിടയിലോ, 100 മീറ്റർ പ്രദേശത്തോ, അഥവാ കരഭാഗത്തേക്കുള്ള ചെറുഉൾക്കടലിന്റെ വീതിയിലോ ഉള്ള സ്ഥലത്ത് ഈ വിജ്ഞാപനത്തിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത യാതൊരു വിധ വികസന പ്രവൃത്തികളും അനുവദിക്കുന്നതല്ല. ആപത് സാധ്യതാ രേഖയിൽ നിന്നും കടലിലേക്കുള്ള പ്രദേശത്തത് പ്രദേശിക ജനവിഭാഗം, ഗോത്ര വർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ വാസസ്ഥാനമെങ്കിൽ മാത്രമേ അവരെ മാറ്റി പാർപ്പിക്കാവൂ. ഈ പ്രാദേശിക ജനവിഭാഗത്തിന്റെ വാസസ്ഥാനങ്ങൾക്ക് പ്രകൃതിക്ഷോഭങ്ങളിൽ നിന്നും യോജിച്ച സംരക്ഷണ നടപടികൾ കേന്ദ്ര ഭരണ പ്രദേശ അധികൃതർ ലഭ്യമാക്കേണ്ടതാണ്.

6. ഉപജീവനം, വാർത്താവിനിമയം, രക്ഷാ പ്രവർത്തനം, പ്രകൃതിക്ഷോഭ സമയത്തെ ഒഴിപ്പിച്ചെടുക്കൽ, ആശ്വാസ നടപടികൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന നിലവിലുള്ള എല്ലാ പാതകളും, ഇടവഴികളും ശക്തിപ്പെടുത്തേണ്ടതാണ്.

7. ജനവാസ പ്രദേശങ്ങൾക്കടുത്തുള്ള ഉയർന്ന പ്രദേശങ്ങളിലോ അഥവാ കൃത്രിമമായി പൊയ്കാലുകൾ ഉപയോഗിച്ചോ ആവശ്യാനുസരണം കൊടുങ്കാറ്റുകളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്ന വാസസ്ഥലം നിർമ്മിക്കേണ്ടതാണ്.

8. വളരെയധികം ജനങ്ങൾ സമ്മേളിക്കുന്ന നിലവിലുള്ളതും, പുതിയതുമായ പാഠശാലകൾ, ചന്തപ്രദേശങ്ങൾ, മറ്റു പൊതു സൗകര്യങ്ങൾ (പൊതു ശൗചാലയമൊഴികെ) സാധാരണഗതിയിൽ സുരക്ഷിത പ്രദേശങ്ങളായി പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിലോ, സംരക്ഷിത പ്രദേശങ്ങളിലോ ആയിരിക്കണം.

9. പ്രാദേശിക സസ്യജാലങ്ങൾ, കണ്ടൽ തുടങ്ങിയ മരങ്ങൾ എന്നിവ വളർത്തുകയും, മറ്റു ലോലമായ സംരക്ഷണ നടപടികൾ കൈകൊണ്ടും ആവശ്യാനസരണം കടലോരത്തുടനീളം ജൈവമറ സൃഷ്ടിച്ചെടുക്കേണ്ടതാണ്

10. സംയോജിത ദ്വീപസമൂഹ പരിപാലന പദ്ധതിയും, ഐ.സി.ആർ.ഇസഡും ശാസ്ത്രീയമായ രീതികളെ അടിസ്ഥാനമാക്കിയും പ്രസ്തുത അധികൃതരിൽ നിന്നുമുള്ള അനുമതിയ്ക്കനുസരിച്ചുമായിരിക്കണം. കൂടാതെ അത്തരം പദ്ധതിയ്ക്കനുസരിച്ച് നിർമ്മിച്ച ആവശ്യമായ തീരദേശ സംരക്ഷണ നിർമ്മിതികൾ അതിലുൾപ്പെടുകയും വേണം.

11. കടൽ തീരം സംരക്ഷിക്കുകയും അവിടെ യാതൊരു വിധ വികസന പ്രവർത്തനങ്ങൾ അനുവദിക്കുകയുമരുത്.

12. വെള്ളപ്പൊക്കത്തിന്റെ സമയത്ത് പ്രകൃത്യായുള്ള പ്രതിരോധമായ മണൽ കൂനകൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും, കുറ്റിച്ചെടികൾ നട്ടുവളർത്തിയോ മറ്റു യോജ്യമായ രീതികളവലംബിച്ചോ ശക്തിപ്പെടുത്തണം.

13. ദ്വീപ സമൂഹ അധികൃതർ ശുപാർശ ചെയ്ത മത്സ്യം മൊത്തം കൂട്ടിയിടാനുപയോഗിക്കുന്ന ഉപകരണങ്ങളുടെ സ്ഥാപിക്കൽ ഉൾപ്പെടെ പരമ്പരാഗത മത്സ്യബന്ധനം ചെയ്യുന്ന പ്രാദേശിക ജനസമൂഹത്തിന് യാതൊരുവിധ നിയന്ത്രണങ്ങളുമേർപ്പെടുത്തരുത്.

14. a) നിർമ്മാണാവശ്യത്തിനുള്ള വസ്തുക്കളുടെ ഖനനം, പ്രത്യേകിച്ചും ആഴക്കടൽത്തട്ടിലെ മണൽ (15 മീറ്ററിലധികം ആഴത്തിലുള്ളവ) വേണ്ട രീതിയിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയതിനുശേഷം പദ്ധതിയിൽ അനുമതി നൽകാവുന്നതാണ്.

    (i) മുള, മറ്റു വിഭവങ്ങൾ തുടങ്ങിയ പകരം നിർമ്മാണ വസ്തുക്കൾ കണ്ടെത്തി ഉപയോഗിക്കാവുന്നതാണ്

    (ii) മറ്റു വസ്തുക്കളായ കരിങ്കലുകൾ, ഹോളോ ബ്രിക്സ് ബ്ലോക്കുകൾ മുതലായവ വൻ കരയിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്.

15. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ, പ്രതേകിച്ചും കാറ്റ്, സൗരോർജ്ജം, വേലിയേറ്റ-വേലിയിറക്ക ഊർജ്ജം നിർലവണീകരണം, ജലത്തിന്റെ പുനരുപയോഗം, പ്രദേശികമായി ലഭ്യമായ വസ്തുക്കളുടെ ഉപയോഗം എന്നിവയ്ക്ക് ഊന്നൽ കൊടുക്കേണ്ടതാണ്.

16. കൊടുങ്കാറ്റ്, സുനാമി തുടങ്ങിയവരുടെ മുൻകൂട്ടിയുള്ള അപായ സൂചന നൽകുവാനുള്ള ഉപാധികരം ലഭ്യമാക്കൽ, അപകടങ്ങളുണ്ടാകുന്ന സമയത്ത് ഒഴിപ്പിച്ചെടുത്ത് ആശ്വാസ നടപടികരം കൈകൊള്ളുവാനായി നിർമ്മിതികരം എന്നിവ സംയോജിത ദ്വീപസമൂഹ പരിപാലന പദ്ധതിയിലുണ്ടായിരിക്കണം.

17. പ്രകൃതിക്ഷോഭങ്ങളാൽ വിഭിന്ന സ്ഥലങ്ങളിലെത്തിപ്പെട്ട ജനങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുവാനുള്ള ആവശ്യമായ കരുതൽ നടപടികരം സംയോജിത ദ്വീപസമൂഹ പരിപാലന പദ്ധതിയിലുണ്ടായിരിക്കണം.

18. സംയോജിത ദ്വീപ സമൂഹ പരിപാലന പദ്ധതി, ഐ.സി.ആർ.ഇസഡ്-ൽ വാസയോഗ്യമായ സ്ഥലങ്ങരം, ഭാവിയിലെ വികസന പ്രവർത്തനങ്ങരം എന്നിവയും ഉരംപ്പെടുത്തേണ്ടതാണ്.

19. 1980-ലെ വന്യ ജീവി സംരക്ഷണ നിയമം (1980-ലെ 69) അഥവാ 1972-ലെ വന്യ ജീവി സംരക്ഷണ നിയമം (1972-ലെ 59) എന്നിവയിൽ വിജ്ഞാപനപ്പെടുത്തിയിട്ടുള്ള സംരക്ഷിത വനങ്ങരം, റിസർവ് വനങ്ങരം, ദേശീയ പാർക്കുകരം, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങരം, 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം (1986-ലെ 29) പ്രകാരമുള്ള സംരക്ഷിത മേഖലകരം എന്നിവയിൽ യാതൊരു വിധ വികസന പ്രവർത്തനങ്ങരം അനുവദനീയമല്ല.

20. പദ്ധതി തയ്യാറാക്കുന്ന സമയത്ത് പ്രാദേശിക ജനസമൂഹത്തിന്റെ വാസ സ്ഥലങ്ങരം, നിർമ്മിതികരം ഒഴിപ്പിക്കേണ്ടതില്ല.

21. നിലവിലുള്ള കെട്ടിടങ്ങരം, നിർമ്മിതികരം എന്നിവയുടെ അറ്റകുറ്റപണികരം, പുനർ-നിർമ്മാണം എന്നീ പ്രവർത്തനങ്ങരം അനുവദിക്കാവുന്നതാണ്.

22. വലിയ രീതിയിലുള്ള പദ്ധതികരംക്ക് 1:25,000 തോതിലുള്ള ഭൂപടവും, ചെറിയ രീതിയിലുള്ള പദ്ധതികരംക്ക് 1:10,000 അഥവാ കാഡസ്ട്രൽ തോതിലോ ആയാണ് ഐ.ഐ.എം.പി.യും, ഐ.സി.ആർ.ഇസഡും തയ്യാറാക്കേണ്ടത്.

23. പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അംഗീകൃത ഏജൻസികളിലൊന്നാണ് വേലിയേറ്റ രേഖ അടയാളപ്പെടുത്തേണ്ടത്.

**അനുബന്ധം II**

ഐ.സി.ആർ.ഇസഡ് I (a) മറ്റു പരിസ്ഥിതി പ്രാധാന്യ പ്രദേശങ്ങളെന്ന് തിരിച്ചറിഞ്ഞവ ഒഴികെയുള്ളിടങ്ങളിൽ സൂക്ഷിപ്പിനായി അനുമതിയുള്ള പെട്രോളിയം, രാസവസ്തുക്കൾ എന്നിവയുടെ പട്ടിക.

i) അസംസ്കൃത എണ്ണ
ii) ദ്രവീകൃത പെട്രോളിയം വാതകം
iii) മോട്ടോർ സ്പിരിറ്റ്
iv) മണ്ണെണ്ണ
v) ജൈവമാനിക ഇന്ധനം
vi) ഡീസൽ
vii) ലൂബ്രിക്കേറ്റിംഗ് ഓയിൽ
viii) ബ്യൂട്ടെയ്ൻ
ix പ്രൊപെയ്ൻ
x കംപ്രസ്ഡ് പ്രകൃതിവാതകം
xi) നാഫ്ത
xii) ഫർണസ് ഓയ്ൽ
xiv) ലോസൾഫർ ഹെവി സ്റ്റോക്ക്
xiv) ദ്രവീകൃത പ്രകൃതി വാതകം
xv) രാസവളങ്ങളും, രാസവളനിർമ്മിതിക്കുള്ള അസംസ്കൃത വസ്തുക്കളും.

## അനുബന്ധം III

വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ വിനോദസഞ്ചാരികളെയും, സന്ദർശകരെയും ഐ.സി.ആർ. ഇസഡ്-III, ഐ.സി.ആർ.ഇസഡ്-II/II എം.പി. എന്നിങ്ങനെ തരം തിരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ താത്കാലികമായി താമസിപ്പിക്കുന്നതിനായി കടലോര റിസോർട്ടുകൾ അഥവാ ഹോട്ടലുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ.

1 വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ വിനോദ സഞ്ചാരികളെയും, സന്ദർശകരെയും ഐ.സി.ആർ.ഇസഡ്-II, III, പ്രദേശങ്ങളിൽ താത്കാലികമായി താമസിപ്പിക്കുന്നതിന് കടലോര റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവ നിർമ്മിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ നിഷ്കർഷിക്കേണ്ടതാണ്.

a) വേലിയേറ്റ രേഖയുടെ കരഭാഗത്തേക്കുള്ള 200 മീറ്ററുകൾക്കുള്ളിലോ, വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശത്തോ പദ്ധതി നടത്തിപ്പുകാരൻ യാതൊരു വിധ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തരുത്.

b) ആപത് സാധ്യതാരേഖയ്ക്കപ്പുറമോ, വേലിയേറ്റരേഖയിൽ നിന്നും 200 മീറ്ററോ ഏതാണ് കൂടുതൽ, അവിടെ ഉദ്ദേശിച്ച നിർമ്മാണ പ്രവർത്തനം നടത്താവുന്നതാണ്.

c) സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിക്കു ചുറ്റിലുമായി ജൈവവേലിയോ വള്ളിച്ചെടികൾ വളർത്തികയറ്റിയ മുള്ളുകമ്പിവേലികളോ അനുവദിക്കുമെങ്കിലും ഇത്തരം വേലികൾ കടൽ തീരത്തേക്ക് സുഗമമായി കടന്നുചെല്ലുവാൻ പൊതുജനങ്ങൾക്ക് വിനയായിരിക്കരുത്.

d) ഒരു കാരണവശാലും മണൽ തിട്ടകൾ നിരപ്പാക്കുവാൻ പാടില്ല.

e) ഗോൾ പോസ്റ്റുകൾ, നെറ്റ് പോസ്റ്റുകൾ, വിളക്കുകാലുകൾ എന്നിവ ഒഴികെ കായിക വിനോദങ്ങൾക്കാവശ്യമായ സ്ഥായിയായ നിർമ്മിതികൾ അനുവദിക്കില്ല.

f) ഏതെങ്കിലും തരത്തിലുള്ള നിർമ്മിതി മൂലം ഒരു പ്രദേശത്തെ ഭൂഗർഭജലത്തിന്റെ ഒഴുക്കു തടസ്സപ്പെടുകയില്ല എന്നു വ്യക്തമാക്കിക്കൊണ്ട് കേന്ദ്രഭരണ പ്രദേശ ഭൂഗർഭ ജല അധികൃതരുടെ പക്കൽ നിന്നുള്ള ''നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ''ഹാജരാക്കിയാൽ മാത്രമേ ഭൂഗർഭനിലയുടെ നിർമ്മിതിക്ക് അനുമതി നൽകുകയുള്ളൂ.

g) 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' അനുവദിക്കുന്നതിനു മുൻപ് ആയതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ കേന്ദ്രഭരണ പ്രദേശ ഭൂഗർഭ ജല അധികൃതർ കണക്കിലെടുക്കേണ്ടതാണ്.

h) വികസ നിരോധിത മേഖലയിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുവദിച്ചിട്ടില്ലെങ്കിലും തറ വിസ്തൃത സുചകം കണക്കാക്കുമ്പോൾ വികസന നിരോധിത മേഖലയിലുൾപ്പെട്ടിട്ടുള്ള ഭാഗവും മൊത്തം സ്ഥലത്തിനു വേണ്ട പ്രദേശമായി കണക്കിലെടുക്കേണ്ടതാണ്.

i) ഓരോ പ്ലോട്ടിന്റെയും മൊത്തം വിസ്തൃതി 0.4 ഹെക്ടറിൽ കുറയാൻ പാടില്ലാത്തതും അതിൽ നടത്തിയ നിർമ്മിതികളുടെ വിസ്തീർണം എല്ലാ നിലകളിലുമായി പ്ലോട്ട് വിസ്തൃതിയുടെ 33 ശതമാനത്തിൽ കവിയാതെയുമിരിക്കണം. അതായത്, തറവിസ്തൃതി സുചകം ഒരു കാരണവശാലും 0.33 കവിയരുത്. നിർമ്മിതി

കൾ നടത്തിയതിനുശേഷമുള്ള സ്ഥലം ഉചിതമായ രീതിയിൽ ചെടികൾ വളർത്തി മനോഹരമാക്കി വയ്ക്കാവുന്നതാണ്.

j) ചുറ്റുപാടുമുള്ള ഭൂപ്രകൃതിയ്ക്കും, പ്രദേശികമായ വാസ്തുശില്പ ശൈലിയ്ക്കും ഇണങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്.

k) മേൽ കൂരയുടെ ഏറ്റവും ഉയർന്ന ഭാഗം വരെ നിർമ്മിതികളുടെ ഉയരം പരമാവധി ഒമ്പത് മീറ്ററായിരിക്കണം. ഭൂനിരപ്പിലെ നിലയും, അതിനുമുകളിലത്തെ നില എന്നിങ്ങനെ പരമാവധി രണ്ടു നിലകളിലായിരിക്കണം നിർമ്മിതികൾ.

l) വേലിയേറ്റ രേഖയുടെ 200 മീറ്ററിനുള്ളിൽ ഭൂഗർഭജലം ശേഖരിക്കരുത് 200-500 മീറ്റർ പരിധിക്കുള്ളിൽ കേന്ദ്രം അഥവാ കേന്ദ്ര-ഭരണ പ്രദേശ ഭൂഗർഭജല ബോർഡുകളുടെ അനുമതിയോടെ ഭൂഗർഭജലം ശേഖരിക്കാവുന്നതാണ്.

m) കെട്ടിടങ്ങളുടെ അടിത്തറ, നീന്തൽകുളം എന്നിവയുടെ നിർമ്മിതിയ്ക്കല്ലാതെ മറ്റു യാതൊരു പ്രവൃത്തികൾക്കു വേലിയേറ്റ രേഖയുടെ 500 മീറ്ററിനുള്ളിൽ മണലൂറ്റ്, നിരപ്പാക്കൽ, കുഴിക്കൽ എന്നിവ അനുവദിക്കുന്നതല്ല.

h) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട സംസ്കരിച്ച മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ, പുറന്തള്ളുന്ന പുക, ശബ്ദം തുടങ്ങിയവ കേന്ദ്ര പരിസരമലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ഭരണ പ്രദേശ പരിസര മലിനീകരണ നിയന്ത്രണ സമിതി എന്നിവ ഉൾപ്പെടുന്ന അധികൃത സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന തോതുമായി പൊരുത്തപ്പെടുകയും, 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിനു വിധേയമായിരിക്കുകയും വേണം.

o) പാഴ്‌വസ്തുക്കളുടെയും ഖരമാലിന്യങ്ങളുടെയും സംസ്കരണത്തിന് ആവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം സംസ്കരിക്കാത്ത പാഴ്‌വസ്തുക്കളോ, ഖരമാലിന്യങ്ങളോ ഒരു കാരണവശാലും കടൽ തീരത്തോ, ജലത്തിലോ പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

p) പൊതു ജനങ്ങൾക്ക് കടൽ തീരത്തേക്ക് പ്രവേശിക്കുന്നതിനായി രണ്ടു ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്ക് മധ്യേ ചുരുങ്ങിയത് 2 മീറ്റർ വീതിയിൽ ഇടനാഴി അനുവദിക്കണം. ഇത്തരം രണ്ടു ഇടനാഴികൾ തമ്മിൽ 500 മീറ്ററിൽ കുറയാൻ പാടുള്ളതല്ല.

q) പദ്ധതിയുടെ ഭാഗമായി വനഭൂമിയെ വനേതരമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന് 1980-ലെ വനം (സംരക്ഷണം) നിയമം പ്രകാരം അനുമതി നേടേണ്ടതാണ് കേന്ദ്ര-കേന്ദ്രഭരണ പ്രദേശതലത്തിലുള്ള മറ്റേതെങ്കിലും നിയമം ബാധകമാണെങ്കിൽ അവയും പരിഗണിക്കണം.

r) കേന്ദ്ര ഭരണ പ്രദേശ വിനോദ സഞ്ചാര വകുപ്പിന്റെ അനുമതി ഉണ്ടായിരിക്കണം.

II പാരിസ്ഥിതകമായി ദുർബ്ബല പ്രദേശങ്ങളിൽ (സമുദ്രോദ്യാനങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മത്സ്യങ്ങളുടെ മുട്ടയിടൽ സങ്കേതങ്ങൾ, വന്യ ജീവി സങ്കേതങ്ങൾ, കേന്ദ്രം-കേന്ദ്ര ഭരണ പ്രദേശം വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ) തീരപ്രദേശ റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവ നിർമ്മിക്കുവാൻ അനുവദിക്കുന്നതല്ല.